# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.41** **28.01.2019-ൽ മറുപടിക്ക്**

**പി.എസ്.സി. യിൽ നടപ്പിലാക്കിയ പരിഷ്കരണങ്ങൾ**

**ചോദ്യം**

**ശ്രീ. സി.കെ.ഹരീന്ദ്രൻ**

**ഉത്തരം**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | നിലവിൽ കാലാവധി അവസാനിക്കാൻ പോകുന്ന പി.എസ്.സി.റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടിനൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | പി.എസ്.സി. നടത്തുന്ന പരീക്ഷകളുടെ റാങ്ക് ലിസ്റ്റ് വേഗത്തിൽ പ്രസിദ്ധീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ; | (ബി) | വിജ്ഞാപനം ചെയ്യുന്നതു മുതൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതുവരെയുള്ള എല്ലാ ഘട്ടങ്ങളും സമയബന്ധിതമായി പി.എസ്.സി. പൂർത്തിയാക്കാറുണ്ട്. എഴുത്ത്/OMR പരീക്ഷ കഴിഞ്ഞ് ചുരുക്കപട്ടിക/സാധ്യതാപട്ടിക പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് , ചുരുക്കപ്പട്ടിക/ സാദ്ധ്യതാപട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്കായി പ്രമാണ പരിശോധന നടത്തി അപേക്ഷകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയ ശേഷം പി.എസ്.സി. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. |
| (സി) | ഈ സർക്കാർ കാലയളവിൽ പി.എസ്.സി.യിൽ നടപ്പിലാക്കിയ പരിഷ്കരണങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | എ) വിധവകൾക്ക് ഒരു തസ്തികയുടെ സ്പെഷ്യൽ റൂളിൽ ചേർത്തിരിക്കുന്ന പരമാവധി പ്രായത്തേക്കാൾ 5 വർഷം കൂടി ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകിക്കൊണ്ട് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം OTR (One Time Registration)ൽ ഉൾപ്പെടുത്തി.<br>ബി) ഭിന്നശേഷിക്കാർക്കായുള്ള നിയമനങ്ങൾക്കായുള്ള ടേണുകൾ 1,34,67 ആയി പുന:ക്രമീകരിച്ച് 06.05.2017 മുതലുള്ള നിയമനങ്ങൾക്ക് ബാധകമാക്കി. |

| | | | |
|---|---|---|---|
| | | | സി) ഭരണഭാഷാ ചോദ്യങ്ങൾ പി.എസ്.സി. പരീക്ഷയ്ക്ക് ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി ബിരുദതല പരീക്ഷകൾക്ക് 10 മാർക്കിന്റെ മലയാള ഭാഷാ ചോദ്യങ്ങൾ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>ഡി) കേരളാ പബ്ളിക് സർവ്വീസ് കമ്മീഷൻ വകുപ്പുതല പരീക്ഷകളുടെ ഫീസ് നിരക്കും സർട്ടിഫിക്കറ്റുകൾക്കായുള്ള അപേക്ഷാ ഫീസും പരിഷ്കരിച്ചു.<br>ഇ) NIC യുമായി സഹകരിച്ച് കേരള പബ്ളിക് സർവ്വീസ് കമ്മീഷനിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി.<br>എഫ്) OMR പരീക്ഷ ഉത്തരസൂചിക സംബന്ധിച്ച പരാതികൾ 2017 മെയ് 1 മുതൽ ഉദ്യോഗാർത്ഥികൾക്ക് പ്രൊഫൈലിലൂടെ ഓൺലൈനായി സമർപ്പിക്കുവാൻ അനുവദിച്ചു. |

സെക്ഷൻ ഓഫീസർ